കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയ്ക്കൽ നഗരസഭ ബസ് സ്റ്റാന്റ് കം കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണം - കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും ലോണെടുക്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.2547/2018/ തസ്വഭവ തിരുവനന്തപുരം, തീയതി, 03.10.2018.

---

വായന:- 1. 29.07.2009-ലെ സഉ(എം.എസ്) നം.147/2009/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2. നഗരകാര്യ ഡയറക്ടറുടെ 19.08.2018 ലെ ഡി.സി3/13955 /2018 നം.കത്ത്

**ഉത്തരവ്**

കോട്ടയ്ക്കൽ നഗര സഭയുടെ ഉടമസ്ഥതയിലുള്ള റീ സർവ്വെ നം.160/2 ൽ ഉൾപ്പെട്ട 1.7220 ഹെക്ടർ വിസ്തീർണ്ണം ഉള്ള വസ്തുവിൽ ബസ് സ്റ്റാന്റ് കം കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി ടി വസ്തു ജാമ്യമായി നല്കി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 21 കോടി രൂപ 10% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിനു അനുമതി നൽകണമെന്ന കോട്ടയ്ക്കൽ നഗരസഭയുടെ അപേക്ഷ വായന (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയ്ക്കൽ നഗര സഭാ ബസ് സ്റ്റാന്റ് കം കൊമേഴ്സ്യൽ കോംപ്ലക്സിന്റെ നിർമ്മാണത്തിനായി കോട്ടയ്ക്കൽ നഗര സഭയുടെ ഉടമസ്ഥതയിലുള്ള റീ സർവ്വെ നം.160/2 ൽ ഉൾപ്പെട്ട 1.7220 ഹെക്ടർ വിസ്തീർണ്ണം ഉള്ള വസ്തു ജാമ്യമായി നല്കി കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും 21 കോടി രൂപ 10% പലിശ നിരക്കിൽ വായ്പ എടുക്കുന്നതിന്, വായന (1) ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പാലിക്കണമെന്ന വ്യവസ്ഥയോടെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം കോട്ടയ്ക്കൽ നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

നഗരസഭ ചെയർ പേഴ്സൺ, കോട്ടയ്ക്കൽ നഗരസഭ

നഗരസഭ സെക്രട്ടറി, കോട്ടയ്ക്കൽ നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ.എസ് ) വകുപ്പ്, ഡിബി2/289/18

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ